4. ശ്രീ. എൻ. എ. കൃഷ്ണൻകുട്ടി - മുൻ ജില്ലാ കളക്ടർ, ഐ.ഐ.എസ്. (റിട്ടയേർഡ്) കാസർഗോഡ്

5. ശ്രീ. എ. സുരേഷ് - മുൻ മുഖ്യമന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ്

എന്നിവർക്കെതിരെ പ്രോസിക്യൂഷന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. ഈ കേസുമായി ബന്ധപ്പെട്ട് ശ്രീ. വി. എസ്. അച്യുതാനന്ദൻ സമർപ്പിച്ച ഹർജിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മേൽ നടപടികൾ താത്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത കേസിൽ

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ - മുൻ മുഖ്യമന്ത്രി
2. ശ്രീ. കെ. പി. രാജേന്ദ്രൻ - മുൻ റവന്യൂ വകുപ്പ് മന്ത്രി
3. ശ്രീ. ടി. കെ. സോമൻ - സ്വകാര്യ വ്യക്തി
4. ശ്രീ. എൻ. എ. കൃഷ്ണൻകുട്ടി, ഐ.എ.എസ്. (റിട്ടയേർഡ്) - മുൻ ജില്ലാ കളക്ടർ, കാസർഗോഡ്
5. ശ്രീ. എ. സുരേഷ് - മുൻ മുഖ്യമന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ്

എന്നിവർക്കെതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തത്.

(സി)

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ - മുൻ മുഖ്യമന്ത്രി
2. ശ്രീ. കെ. പി. രാജേന്ദ്രൻ - മുൻ റവന്യൂ വകുപ്പ് മന്ത്രി
3. ശ്രീ. ടി. കെ. സോമൻ - സ്വകാര്യ വ്യക്തി
4. ശ്രീ. എൻ. എ. കൃഷ്ണൻകുട്ടി, ഐ.എ.എസ്. (റിട്ടയേർഡ്) - മുൻ ജില്ലാ കളക്ടർ, കാസർഗോഡ്
5. ശ്രീ. എ. സുരേഷ് - മുൻ മുഖ്യമന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ്

(ഡി) ഹൈക്കോടതി ഉത്തരവ് പ്രകാരം കേസിന്റെ തുടർ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്.

ക്വാറി കോഴ വിജിലൻസ് അന്വേഷണം

276 (278) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയായിരുന്ന ശ്രീ. രാഹുൽ ആർ. നായർ, ക്വാറി ഉടമകളിൽ നിന്ന് 17 ലക്ഷം രൂപ കോഴ വാങ്ങിയതായുള്ള ആക്ഷേപം സംബന്ധിച്ച വിജിലൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത കേസിൽ

LIBRARY ARCHIVES Kerala Legislative Assembly

വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥൻ എഫ്.ഐ.ആർ. തയ്യാറാക്കി രജിസ്റ്റർ ചെയ്തത് എപ്പോഴായിരുന്നു ; എഫ്.ഐ.ആറിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ബി) വിജിലൻസ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ; ശ്രീ. രാഹുൽ വിജിലൻസിന് നൽകിയ മൊഴിയിൽ, എ.ഡി.ജി.പി. ശ്രീമതി ശ്രീലേഖ, തിരുവനന്തപുരം റേഞ്ച് ഐ.ജി. മനോജ് എബ്രഹാം എന്നിവർക്ക് ക്വാറി പ്രശ്നത്തിൽ എന്തെങ്കിലും പങ്ക് ഉള്ളതായി വെളിപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രീ. രാഹുൽ ആർ. നായർക്കെതിരെ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ വി.സി. 5/14-എസ്.ഐ.യു.-I നമ്പറായി ഒരു വിജിലൻസ് കേസ് 17/11/14-ൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട എഫ്.ഐ.ആർ. 17/11/14 തീയതിയിൽ രജിസ്റ്റർ ചെയ്തു. എഫ്.ഐ.ആർ.-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) 18/11/14-ലെ സ.ഉ. (സാ) നമ്പർ 8900/2014 പൊ.ഭ.വ. ഉത്തരവ് പ്രകാരം ശ്രീ. രാഹുൽ ആർ. നായരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണത്തിലായതിനാൽ മൊഴികൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

ചെക്ക് തട്ടിപ്പ് കേസ്

277 (279) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെക്ക് നല്കി തട്ടിപ്പു നടത്തിയ കേസിലെ പ്രതിക്കെതിരെ തിരുവനന്തപുരം കോടതി പുറപ്പെടുവിച്ച വാറണ്ട് പ്രകാരം പ്രതിയെ അറസ്റ്റ് ചെയ്യുന്നില്ലെന്നു കാണിച്ച് പരാതിക്കാരൻ ബഹു. മുഖ്യമന്ത്രിക്ക് നല്കിയ പരാതി 11-1-2012-ൽ 1229/12/CM എന്ന നമ്പരിൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് അയച്ചു നല്കിയ പ്രകാരം അന്വേഷണം നടത്തി നല്കിയ റിപ്പോർട്ടിലെ വിവരങ്ങൾ വസ്തുതകൾക്ക് നിരക്കുന്നതല്ലെന്ന് വിശദീകരിച്ച് നല്കിയ പുനർ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; അന്വേഷണ വിവരം വെളിപ്പെടുത്തുമോ ;

(സി) വാറണ്ട് നടപ്പാക്കാതിരിക്കുന്നതിന് വ്യാജ വിവരങ്ങൾ ചേർത്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly